പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2815 07.12.2018 ൽ മറുപടിയ്ക്ക്

## അർബൻ ഫോറസ്ട്രി പദ്ധതി

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|
| സംസ്ഥാനത്ത് അർബൻ ഫോറസ്ട്രി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകാമോ? | സംസ്ഥാനത്ത് അർബൻ ഫോറസ്ട്രി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അർബൻ ഫോറസ്ട്രി എന്ന പദ്ധതിയിലൂടെ വിവിധ ഏജൻസികളുടെ സഹായത്തോടെ തലസ്ഥാന നഗരത്തെ ഹരിതനഗരമാക്കുന്നതിനുള്ള പദ്ധതി 2014-ൽ ആരംഭിച്ചിരുന്നു. നഗരങ്ങളിലെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനും അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനും ഹരിതാഭമാക്കുന്നതിനുമായിട്ടാണ് അർബൻ ഫോറസ്ട്രി പദ്ധതി രൂപീകരിച്ചത്. ലഭ്യമായ സ്ഥലങ്ങളിൽ സ്ഥലത്തിന്റ ഉടമസ്ഥതയുള്ള വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടുകൂടിയും വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചു വരുന്നു. വൃക്ഷതൈകൾ നട്ട് പരമാവധി രണ്ട് വർഷം വരെയുള്ള പരിചരണം വനം വകുപ്പ് നടത്തുന്നു.തുടർന്ന് മരങ്ങളുടെ സംരക്ഷണ ചുമതല വൃക്ഷതൈകൾ നട്ടിരിക്കുന്ന സ്ഥലത്തിന്റ ഉടമസ്ഥതയുള്ള വകുപ്പുകൾക്കാണ്. കോട്ടയം ജില്ലയിലെ കോടിമാത നാലുവരിപ്പാതയുടെ മീഡിയനിലും ഇരുവശങ്ങളിലും അരളിത്തൈകളും മറ്റു വൃക്ഷങ്ങളും വച്ചു പിടിപ്പിച്ച് സംരക്ഷിച്ചു വരുന്നു. കൊല്ലം ജില്ലയിൽ ആശ്രാമം മൈതാനത്തിനു ചുറ്റും (ഹരിതനഗരം പദ്ധതി) വിവിധ വൃക്ഷത്തൈകൾ നട്ട് സംരക്ഷിച്ചു വരുന്നു. വെള്ളയമ്പലം മുതൽ ശാസ്തമംഗലം വരെ വലിയ കോൺക്രീറ്റ് ചട്ടികളിൽ ചെടികൾ സ്ഥാപിച്ച് റോഡ് മോടി പിടിപ്പിക്കുകയും അവ പരിപാലിച്ചു വരികയും ചെയ്യുന്നു. മലപ്പുറം ഡിവിഷനിൽ 2017-18 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പ്രകാരം വിവിധയിനം തൈകളടങ്ങിയ 100 കോൺക്രീറ്റ് ചെടിച്ചട്ടികൾ സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ ഡിവിഷനിൽ മുഴപ്പിലങ്ങാട് ഹൈവേ ഡിവൈഡറിൽ അശോക തൈകൾ നട്ടു പിടിപ്പിച്ചു പരിപാലിച്ചു വരുന്നുണ്ട്. കോഴിക്കോട് ഡിവിഷനിൽ ഈ പദ്ധതി പ്രകാരം കോഴിക്കോട് മെഡിക്കൽ കോളേജിൽ 2017-18 വർഷത്തിൽ കോൺക്രീറ്റ് പോട്ടിൽ 40 തൈകളും, കോതിപ്പാലം ബേപ്പൂർ റോഡ് തൊണ്ടയാട് ഭാഗങ്ങളിൽ 200 വലിയ തൈകളും വെച്ചു പിടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ